ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035
ഫോൺ: 04712302490 ഫാക്സ് 04712303025/20303080
ഇ-മെയിൽ : dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം: ആരോഗ്യവകുപ്പ് -ജീവനക്കാര്യം - ശ്രീമതി. യമുന.കെ . ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് -I - അച്ചടക്ക നടപടികൾക്ക് വിധേയമായി സ്ഥലംമാറ്റിക്കൊണ്ട് ഉത്തരവാകുന്നു.

പരാമർശം: നം. ഇ.സി7-36609/2022/ആ.വ.ഡ തീയതി. 04.06.2022

**ഉത്തരവ് നം.എഫ്.ഡബ്ലിയു.എ 4 - 38241/2022/ ആ.വ.ഡ. തീയതി: 06/06/2022**

തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര കുടുംബാരോഗ്യ കേന്ദ്രത്തിൽ 12 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്കുള്ള കോവിഡ് വാക്സിൻ മാറി നൽകിയത് സംബന്ധിച്ച വിഷയത്തിൽ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ടി സ്ഥാപനത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് -I തസ്തികയിൽ ജോലിചെയ്യുന്ന ശ്രീമതി. യമുന.കെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായതായി ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. മേൽ സാഹചര്യത്തിൽ ടിയാരിക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ നിന്നും കണ്ണൂർ ജില്ലയിലേയ്ക്ക് സ്ഥലംമാറ്റിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ ശ്രീമതി. യമുന. കെ -യെ **അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും** ശ്രീമതി. യമുന. കെ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ മുൻപാകെ ജോലിക്കായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ ടിയാരിക്ക് ജില്ലയിൽ ഒഴിവുള്ള സ്ഥാപനത്തിൽ നിയമനം നൽകി ഉത്തരവാകേണ്ടതും വിടുതൽ / പ്രവേശന വിവരങ്ങൾ ഈ ഓഫീസിലേയ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഒപ്പ്
ഡോ. പ്രീത പി പി
ആരോഗ്യ വകുപ്പ് ഡയറക്ടർ i/c

സ്വീകർത്താക്കൾ

1. ശ്രീമതി. യമുന.കെ , ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് I (തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന)
2. ജില്ലാ മെഡിക്കൽ ഓഫീസർ, തൃശ്ശൂർ / കണ്ണൂർ

പകർപ്പ്

1. സൂപ്രണ്ട് , ഇ.സി. സെക്ഷൻ
2. ഫയൽ

//അംഗീകാരത്തോടെ//
സൂപ്രണ്ട്